Draft #1 of File 12411/EA 2/1/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 11-Mar-2020 06:21 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പ്രൈവറ്റ് ബിരുദ വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 10.03.2020 - ന് നടന്ന യോഗത്തിലെ തീരുമാനങ്ങൾ - വൈസ് ചാൻസലർ അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 1499/EA 2/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.03.2020

---

*പരാമർശം:*-1. 10.03.2020 തീയതിയിൽ പ്രൈവറ്റ് ബിരുദ വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രൊ വൈസ് ചാൻസലറുടെ ഓഫീസിൽ ചേർന്ന യോഗത്തിൻറെ നടപടി രേഖ.

2. 10.3.2020 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ്.

3. 11.3.2020 തീയതിയിലെ പരീക്ഷാ കൺട്രോളറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 10.03.2020 തീയതിയിൽ പ്രൊ വൈസ് ചാൻസലറുടെ ഓഫീസിൽ, പ്രൈവറ്റ് ബിരുദ വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി നടന്ന യോഗത്തിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന വിഷയങ്ങളിൽ തീരുമാനം കൈക്കൊണ്ടു.

1. സർവകലാശാലയുടെ ഒഫിഷ്യൽ ഡൊമൈനിൽ എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും ഇ-മെയിൽ ഐ .ഡി. ക്രിയേറ്റ് ചെയ്യുവാനും അതിലേക്ക് അഞ്ചും ആറും സെമസ്റ്റർ ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ എം.സി.ക്യൂ ഉൾപ്പെടെയുള്ള ചോദ്യക്കടലാസുകൾ മതിയായ എൻക്രിപ്ഷനോടുകൂടി കൂടി അയയ്ക്കുവാനുമുള്ളള്ള നടപടികൾക്ക് ശുപാർശ ചെയ്തു.

2.പ്രൈവറ്റ് ബിരുദ വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ഓൺലൈൻ ക്വസ്റ്റ്യൻ പേപ്പർ ട്രാൻസ്മിഷൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഇ.ബി 5 സെക്ഷനിലെ ശ്രീ.അഷ്റഫ് ഉൾപ്പെടെ 11 ഉദ്യോഗസ്ഥരടങ്ങുന്ന ഒരു ടീം രൂപീകരിക്കാനും ഇവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ( ഫോണുകൾ,ലാപ് ടോപ്പുകൾ ഉൾപ്പെടെ)ഉണ്ടാക്കുന്നതിനും ശുപാർശ ചെയ്തു.ടീം അംഗങ്ങളെ കണ്ടെത്തുന്നതിനുള്ള ചുമതല പരീക്ഷാകൺട്രോളറുടെ പി.എ,ശ്രീ.അഷ്റഫ് എന്നിവർക്ക് നൽകി.2020 മാർച്ച് 11 മുതൽ ഈ ടീം പ്രവർത്തനമാരംഭിക്കണം.

3. പ്രൈവറ്റ് വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്ന അഫിലിയേറ്റഡ് കോളേജുകൾക്ക് പരീക്ഷ നടത്തിപ്പിനായി 15,000/- രൂപ വീതം മുൻകൂർ തുക അനുവദിക്കുന്നതിന് ശുപാർശ ചെയ്തു.

4. ഓൺലൈൻ പ്രൈവറ്റ് രജിസ്ട്രേഷൻ നടപടികൾ 2020 മാർച്ച്12 ന് (വ്യാഴാഴ്ച) അവസാനിപ്പിക്കുന്നതിനും അന്നേ ദിവസം തന്നെ ഹാൾടിക്കറ്റ് ജനറേറ്റ് ചെയ്യാനും ശുപാർശ ചെയ്തു .ഹാൾടിക്കറ്റ് ജനറേഷനുമായി ബന്ധപ്പെട്ട് അധികസമയം ജോലി ചെയ്യേണ്ടി വരുന്ന

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പ്രോഗ്രാമർമാർക്ക് ഒരു ഡി.എയ്ക്ക് തുല്യമായ തുക പ്രതിഫലമായി നൽകുന്നതിനും ശുപാർശ ചെയ്തു.

5.13.03.2020 ന് (വെള്ളിയാഴ്ച) രാവിലെ തന്നെ ഇ-മെയിലിലൂടെ ഹാൾടിക്കറ്റ് പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കണം.പരീക്ഷാ കേന്ദ്രങ്ങൾ ഹാൾടിക്കറ്റ്ഡൗൺലോഡ് ചെയ്ത് വിദ്യാർത്ഥികൾകൾക്കു വിതരണം ചെയ്യണം. 14.03.2020 ശനിയാഴ്ച കോളേജുകളിൽ നിന്ന് വിദ്യാർത്ഥികൾക്ക് ഹാൾടിക്കറ്റ് വിതരണം നടക്കും.ഇത് സംബന്ധിച്ച അറിയിപ്പ് വിദ്യാർത്ഥികൾക്ക് നൽകണം.

പരാമർശം (2) പ്രകാരം ബഹു. വൈസ് ചാൻസലർ യോഗത്തിൻറെ നടപടി രേഖ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോസഫ് ജോർജ്ജ്

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പകർപ്പ്

1. പങ്കെടുത്ത വ്യക്തികൾ
2.വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എ മാർ
4.സി. ഇ സെക്ഷൻ/എ സി സി ഇ I/II
5.ഡി.ആർ III/ എ .ആർ IV/XXI ( പരീക്ഷ)
6.ഡെപ്യൂട്ടി രജിസ്ട്രാർ (ഫിനാൻസ്)
7.സിസ്റ്റം മാനേജർ / CETEX
8. ഐ.ക്യൂ. എ സി/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
9.സ്റ്റോക് ഫയൽ/ ഫയൽ കോപ്പി

Draft #1 of File 12411/EA 2/1/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 11-Mar-2020 06:21 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം